'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജി.സി.ഡി.എ. - 2019-20 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും തുക പിൻവലിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.567/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 06/03/2020

പരാമർശം:- 1 28/03/2018-ലെ സ.ഉ.(സാധാ)നം.883/2018/ത.സ്വ.ഭ.വ.

2 03/07/2018-ലെ സ.ഉ(പി)നം.100/2018/ഫിൻ

3 30/10/2018-ലെ സ.ഉ.(സാധാ)നം.2773/2018/ത.സ്വ.ഭ.വ

4 ജി.സി.ഡി.എ. സെക്രട്ടറിയുടെ 05.11.2019-ലെ 6746/എഫ്.ബി.1/2007/ജി.സി.ഡി.എ. നമ്പർ കത്ത്.

**ഉത്തരവ്**

വിശാല കൊച്ചി വികസന അതോറിറ്റിയുടെ മറൈൻ ഡ്രൈവ് ഗ്രൗണ്ട് സൗന്ദര്യവൽക്കരണ പ്രവൃത്തിക്കായി പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ₹ 1.80 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ടി പ്രവൃത്തിക്കായി 2018-19 സാമ്പത്തിക വർഷം യഥാർത്ഥത്തിൽ ചെലവഴിയ്ക്കാൻ സാധിയ്ക്കുന്ന ₹ 15,99,601/- രൂപ (പതിനഞ്ചു ലക്ഷത്തി തൊണ്ണൂറ്റിഒൻപതിനായിരത്തി അറുന്നൂറ്റിഒന്ന് രൂപ മാത്രം) പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം പിൻവലിക്കാൻ അനുമതി നൽകിയിരുന്നു. 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2217-05-191-35 GCDA (P) എന്ന ശീർഷകത്തിൽ 'Grant for creation of capital assets' വിഭാഗത്തില്പള്ള പ്രവൃത്തികൾക്കായി ജി.സി.ഡി.എ.യ്ക്ക് വകയിരുത്തിയിട്ടുള്ള 5 കോടി രൂപയിൽ നിന്നും പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് First and Part bill payment ഇനത്തിൽ 89,70,378.87/- രൂപയുടെ ബിൽ തയ്യാറാക്കി അംഗീകരിച്ചിട്ടുള്ളതിനാൽ കരാറുകാരന് നൽകിയ ₹ 15.99 ലക്ഷം രൂപ കിഴിച്ച് ബാക്കി ₹ 73,71,378.78/- രൂപ അതോറിറ്റിയ്ക്ക് അനുവദിക്കണമെന്ന് ജി.സി.ഡി.എ. സെക്രട്ടറി പരാമർശം (4)-ലെ കത്തു പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) ഉത്തരവിലെ നിബന്ധനകൾക്കു വിധേയമായി മറൈൻ ഡ്രൈവ് ഗ്രൗണ്ട് സൗന്ദര്യവൽക്കരണ പ്രവൃത്തിയുടെ First and Part bill Payment ഇനത്തിലേക്ക് 2217-05-191-35 GCDA (P)

'Grant for creation of capital assets' എന്ന ശീർഷകത്തിൽ നിന്നും ₹ 73,71,380/- (എഴുപത്തിമൂന്ന് ലക്ഷത്തി എഴുപത്തി ഒന്നായിരത്തി മുന്നൂറ്റി എൺപത് രൂപ മാത്രം) രൂപ പിൻവലിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിമോൾ ഡി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ(എഫ്..എം)വകുപ്പ്
ധനകാര്യ (Dev)വകുപ്പ് (26/02/2020-ലെ ഡവ-2/57/2017-ഫിൻ പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ